ത്തിയിട്ടുള്ളത്. കുടിശ്ശിക കൊടുത്തുതീർക്കുവാനുള്ള തുക കണ്ടെത്തേണ്ടിയിരിക്കുന്നു.

78 (474) കടലാക്രമണം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ ഓമനപ്പുഴ, കാട്ടൂർ, ചെത്തി കടൽത്തീരങ്ങളിൽ കടൽഭിത്തി കെട്ടണമെന്ന് മൂന്നുവർഷങ്ങളായി തുടർച്ചയായി ആവശ്യപ്പെട്ടിട്ടും നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കുമോ;

(ബി) എല്ലാവർഷവും ഈ പ്രദേശം കാലവർഷത്തിൽ കടലാക്രമണത്തിന് വിധേയമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാരാരിക്കുളം നിയാജകമണ്ഡലത്തിൽ നിലവിലുള്ള കടൽഭിത്തികളിൽ റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ ഓമനപ്പുഴ, കാട്ടൂർ, ചെത്തി കടൽത്തീരങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് പലപ്രാവശ്യം ദർഘാസ് ക്ഷണിച്ചുവെങ്കിലും കുടിശ്ശിക പണം നൽകാത്തതിനാൽ കോൺട്രാക്ടർമാർ പുതിയ പണികൾ ഏറ്റെടുക്കാൻ മുന്നോട്ട് വന്നിട്ടില്ല.

(ബി) ഉണ്ട്.

(സി) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ നിലവിലുള്ള കടൽഭിത്തികളിൽ റിപ്പയർ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടത്തുന്നതാണ്.

79 (475) നെയ്യാർ ഡാമിന്റെ സുരക്ഷ ഉറപ്പാക്കുവാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷം മുന്നിൽക്കണ്ടുകൊണ്ട് നെയ്യാർ ഡാമിന്റെ സുരക്ഷ ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഷട്ടറുകൾ നിശ്ചിതസമയത്ത് ഉയർത്തുവാനും താഴ്ത്തുവാനും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതായി അറിയുമോ;

(സി) കനാലുകളിലൂടെ സുഗമമായി ജലം ഒഴുകുവാൻ കനാലുകളിൽ അടിഞ്ഞ മണ്ണുമാറ്റൽ തുടങ്ങിയ ജോലികൾ നടത്തിയിട്ടുള്ളതായി അറിയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly